IT

595

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 595

01.12.2015 - ൽ മറുപടി നൽകേണ്ടിയിരുന്നത്.

## കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ

ചോദ്യം

ശ്രീ. ഇ. കെ. വിജയൻ

മറുപടി

ശ്രീ. ഇ. പി. ജയരാജൻ

(വ്യവസായവും കായികവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ ; | (എ) : ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് 58127 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കൈത്തറി മേഖലയിൽ 60 യൂണിറ്റുകളും ഖാദി മേഖലയിൽ 11,232 യൂണിറ്റുകളും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 39 യൂണിറ്റുകളും സിഡ്കോയുടെ 101 യൂണിറ്റുകളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) നിലവിൽ പ്രവർത്തിച്ച വന്ന എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ ? | (ബി) : 709 യൂണിറ്റുകൾ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചിട്ടുണ്ട്. ആയതിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയാണ്. :<br>• വിപണിയിലെ കടുത്ത മത്സരം.<br>• അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും ലഭ്യത കുറവും.<br>• കാലഹരണപ്പെട്ട സാങ്കേതികവിദ്യയുടെ ഉപയോഗത്താൽ വർദ്ധിച്ച വരുന്ന ചെലവ്.<br>• വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം. |

- വൈദ്യുതി നിരക്ക് വർദ്ധനവ്.
- മാനേജ്മെന്റ് പ്രശ്നങ്ങൾ.
- മാർക്കറ്റിങ്ങിലെ പോരായ്മകൾ.
- വിപണന സൗകര്യങ്ങളുടെ അഭാവവും വിപണിയിലെ സ്ഥിരതയില്ലായ്മയും.
- പ്രവർത്തന മൂലധനത്തിന്റെ അഭാവം.
- വിദേശത്തു തൊഴിൽ ലഭിച്ചവർ പലരും സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നത്.
- ഒരേതരം ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപന ങ്ങളുടെ ആധിക്യം.

സെക്ഷൻ ഓഫീസർ.